# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **205** **11.06.2012** - ൽ മറുപടിക്ക്

## കോഴിക്കോട് ശാന്തിനഗർ കോളനി നിവാസികൾക്ക് പാർപ്പിട സമുച്ചയം നിർമ്മിച്ചുനൽകൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) കോഴിക്കോട് നഗരത്തിലെ ശാന്തിനഗർ കോളനി നിവാസികൾക്ക് പാർപ്പിട സമുച്ചയം നിർമ്മിച്ചു നൽകുന്നതിനായി ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | എ) ആദ്യഘട്ടമായി 218 വീടുകൾ നിർമ്മിയ്ക്കുന്നതിനായി ടെന്റർ വിളിക്കുകയും അവ 3 എഗ്രിമെന്റുകളിലായി 9 മാസം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിച്ചുകൊണ്ട് നിർമ്മാണം ഏപ്രിൽ ആദ്യവാരം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) വീടുകൾ ലഭിക്കുന്നതിന് എത്രപേർ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട് ? | ബി) വീടുകൾ ലഭിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. എങ്കിലും 2 അപേക്ഷകൾ കോഴിക്കോട് ജില്ലാകളക്ടറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ശാന്തിനഗർ കോളനിയിൽ നിലവിലുള്ള താമസക്കാരിൽ അർഹരായവരെ സർവ്വെ നടത്തി കണ്ടെത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ജില്ലാ കളക്ടറാണ് ഗുണഭോക്താക്കളെ തീരുമാനിക്കുന്നത്. |

സെക്ഷൻ ഓഫീസർ